## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3755 19.03.2018 - ൽ മറുപടിക്ക്

# ചിപ്പൻചിറ പാലത്തിന്റെ നിർമ്മാണ പുരോഗതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഡി.കെ. മുരളി : | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ചിപ്പൻചിറ പാലത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ ; | (എ) | തിരുവനന്തപുരം ജില്ലയിലെ വാമനപുരം നിയോജകമണ്ഡലത്തിലെ ചിപ്പൻചിറ പാലത്തിന്റെ 3 സ്പാനുകളും കൈവരിയും പൂർത്തീകരിച്ചു. കൂടാതെ പാലത്തിന്റെ ചെങ്കോട്ട ഭാഗത്തെ അപ്രോച്ച് റോഡിന്റെ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പണി പൂർത്തിയാക്കി എന്നുമുതൽ പുതിയ പാലം ഗതാഗതത്തിനായി തുറന്നുകൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (ബി) | പ്രസ്തുത പാലത്തിന്റെ തിരുവനന്തപുരം ഭാഗത്തുള്ള അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിലേയ്ക്കായി മണ്ണ് നീക്കം ചെയ്യേണ്ടതായിട്ടുണ്ടായിരുന്നു. ഇതിനായി ജിയോളജി വകുപ്പിൽ നിന്നും അനുമതി ലഭിക്കാൻ കാലതാമസം ഉണ്ടായി. എന്നാൽ നിലവിൽ ടി ഭാഗത്തെ മണ്ണ് ലേലം ചെയ്തു നീക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചു. ഉടൻ തന്നെ പാലത്തിന്റെ ബാക്കി പ്രവൃത്തികൾ പൂർത്തീകരിച്ച് മേയ് മാസത്തോടെ ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

S. Brindh

സെക്ഷൻ ഓഫീസർ